Rs. 10/- **Keraleeyam** 2010 February Regist... Posted at Thriss... /2009-11 6/2/2010

ജയിൽ മോചിതനായ ശേഷം ഡോ. ബിനായക് സെൻ ആദ്യമായി ...ട്ടങ്ങളിൽ
തൃശൂരിൽ നടന്ന അഞ്ചാമത് വിബ്ജിയോർ അന്താര...
ചലച്ചിത്രോത്സവം ഉദ്ഘാടനം ചെയ്യാനായാണ് അദ്ദേഹം... പടരുന്നു

ഛത്തീസ്ഗഢിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന സെന്നിനെ മാവോയിസ്റ്റ് ബ...മുണ്ടെന്ന് മുദ്ര കുത്തി 2007ൽ അറസ്റ്റ് ചെയ്ത് ജയിലിലടക്കുകയായിരുന്നു. രാജ്യത്തിനകത്തും പുറ...ത്തും അദ്ദേഹത്തിന്റെ അറസ്റ്റിനെതിരെ പ്രതിഷേധം ഉയർന്നതിനൊടുവിൽ 2009 മെയിലാണ് ജയിൽ മോ...ചിതനായത്. വിബ്ജിയോറിൽ വച്ച് ബിനായക്സെൻ മാധ്യമ പ്രവർത്തകരുമായി നടത്തിയ സംഭാഷണത്തിൽ നിന്നും.

# കുടിയൊഴിപ്പിക്കൽ വംശഹത്യയാണ്

ഡോ. ബിനായക് സെൻ



ജനങ്ങളെ വ്യാപകമായി കുടിയൊഴിപ്പിക്കുന്ന പ്രക്രിയ ഇന്ത്യയിൽ പല ഭാഗത്തും നടക്കുന്നുണ്ട്. ഇതും വംശഹത്യയുടെ ഭാഗമാണ്. സ്വന്തം ഭൂമിയിലെ വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ നിന്ന് ജനങ്ങളെ ആട്ടിപ്പായിക്കുന്നത് വംശഹത്യയാണ്. വംശഹത്യ എന്നതിന്റെ അന്താരാഷ്ട്ര നിർവചനം ഒരു പ്രത്യേക വിഭാഗത്തെ കൂട്ടത്തോടെ വെടിവെച്ചോ അല്ലാതെയോ കൊന്നൊടുക്കുക എന്നാണ്. എന്നാൽ ഘട്ടം ഘട്ടമായി ഇല്ലാതാക്കുക എന്ന മറ്റൊരർത്ഥവും പുതിയ സാഹചര്യത്തിൽ രൂപപ്പെടുന്നുണ്ട്. ആദിവാസികളെയും പിന്നോക്ക വിഭാഗങ്ങളെയും തങ്ങളുടെ സ്വന്തം ആവാസവ്യവസ്ഥയിൽ നിന്ന് കുടിയൊഴിപ്പിക്കുന്ന പ്രവർത്തനം വിശാലമായ തോതിൽ ഇന്ത്യയിൽ നടക്കുന്നുണ്ട്.

ഇന്ത്യൻ ജനസംഖ്യയിൽ മൂന്നിലൊരു ഭാഗമായ 33 ശതമാനം മുതിർന്നവരിലും പോഷാകാഹാരക്കുറവുണ്ടെന്നാണ് പുതിയ കണക്ക്. രാജ്യം വൻ വളർച്ചയിലേക്ക് നീങ്ങുന്നു എന്ന് പറയുമ്പോഴും മുതിർന്നവരിലെ പോഷകാഹാരക്കുറവ് ഞെട്ടിക്കുന്ന വസ്തുതയാണ്. ഇതിൽ കൂടുതൽ ശതമാനവും പിന്നോക്കവിഭാഗമായ പട്ടികജാതിയിലും വർഗത്തിലും ആദിവാസികളിലും ഉള്ളവരാണ്. 43 ശതമാനത്തോളം കുട്ടികളിലും പോഷകാഹാരക്കുറവുണ്ട്. ആരോഗ്യ രംഗത്തെ ഈ വിപത്തും വംശഹത്യയുടെ ഭാഗമായി നടക്കുന്നതാണ്. ഇത്തരമൊരു സ്ഥിതിവിശേഷം ഇല്ലാതാക്കുന്നതിന് സർക്കാരിന് വലിയ ഉത്തരവാദിത്വമുണ്ട്. വിഭവങ്ങളും ഭൂമിയും മറ്റു ജീവിത സാഹചര്യവും ആദിവാസികൾ അടക്കമുള്ള പിന്നോക്കക്കാർക്ക് നൽകാനുള്ള ഉത്തരവാദിത്വം സർക്കാറിനുണ്ട്.

നേരത്തെ പറഞ്ഞ അസമത്വത്തിനെതിരെയും അനീതിക്കെതിരെയും ചിലർ കലാപം നടത്തുന്നുണ്ടെങ്കിൽ അതിന് ഉത്തരം പറയാൻ ഞാൻ ബാധ്യസ്ഥനല്ല. ഒരു മനുഷ്യാവകാശ പ്രവർത്തകൻ എന്ന രീതിയിലാണ് ഞാൻ കാര്യങ്ങളെ സമീപിക്കുന്നത്. ഛത്തീസ്ഘട്ടിലെയും മറ്റും മാവോയിസ്റ്റുകളുടെ പ്രശ്നം സംഭാഷണത്തിലൂടെയാണ് പരിഹരിക്കേണ്ടത്. അതിന് തങ്ങളെപോലുള്ളവർ മുൻകൈ എടുക്കാറുണ്ടെങ്കിലും ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് വേണ്ടത്ര സഹായം ലഭിക്കുന്നില്ല.

ആക്രമമാർഗ്ഗം ഒന്നിനും ഒരു പരിഹാരമാകില്ല എന്നു തന്നെയാണ് മനുഷ്യാവകാശപ്രവർത്തകൻ എന്ന നിലയിൽ തന്റെ അഭിപ്രായം. രാജ്യത്ത് സമത്വവും നീതിപൂർവ്വവുമായ സമാധാനം നടപ്പാകുകയാണ് വേണ്ടത്. അതിന് അക്രമം ശരിയായ മാർഗമല്ല. നമുക്ക് നിലവിൽ സമാധാനം ഇല്ലെന്നതാണ് സത്യം. എന്നാൽ അക്രമത്തിലൂടെ സമാധാനം നടപ്പാക്കാൻ ഭരണകൂടം ശ്രമിക്കരുത്.പ്രത്യേക വിഭാഗത്തിനു മാത്രം എന്നതിലുപരി എല്ലാ ഇന്ത്യക്കാർക്കും സമാധാനം എന്നതാണ് ആവശ്യം. ഭീകരവാദം ഉണ്ടാകുന്നതിന് വ്യത്യസ്ത കാരണങ്ങൾ പറയുന്നുണ്ടെങ്കിലും പോഷകാഹാരപുറവുമായി അതിന് ബന്ധമില്ല, ബന്ധമുണ്ടെന്നതിന് തെളിവില്ല. ഭീകരവാദം ഒരു വിധത്തിലും ന്യായീകരിക്കാനാവില്ല.

നമ്മൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ജനാധിപത്യത്തിലൂടെ മാത്രമെ സാധ്യമാകൂ. ജനങ്ങളുടെ മുൻകൈയിൽ നടക്കേണ്ട ഭരണം ഇപ്പോൾ കോർപറേറ്റുകളാണ് ഏറ്റെടുത്തിരിക്കുന്നത്. തങ്ങൾക്ക് എന്താണ് വേണ്ടതെന്ന് നിശ്ചയിക്കുന്നതിൽ ജനങ്ങളുടെ പങ്ക് കുറഞ്ഞ് വരുന്നു. ഖനനത്തിനായും മറ്റും പരമ്പരാഗതമായി പ്രാദേശിക ജനത ഉപയോഗിച്ചിരുന്ന വലിയ ഭൂപ്രദേശങ്ങൾ കോർപറേറ്റുകൾ കവർന്നെടുത്തിരിക്കുന്നു. നമ്മുടെ നാട്ടിൽ എന്ത് തോന്ന്യാസവുമാകാം എന്ന് വിചാരിക്കുന്ന ഭരണകൂടം നമുക്ക് അപമാനമാണ്. ഇതിനെതിരെ അന്തസ്സുള്ള ജനതയായി നാം ഉണരേണ്ടതുണ്ട്.

സാമൂഹ്യ ആരോഗ്യവും രോഗചികിത്സയും രണ്ടും രണ്ടായിന്നെ കാണേണ്ടതുണ്ട്. ഭക്ഷണവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും തൊഴിലും വിശ്രമവും ചികിത്സാ ക്രമത്തേക്കാൾ പ്രധാനമാണ്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഒരു ട്രേഡ് യൂണിയനായി അധപതിച്ചിരിക്കുന്നു. പെപ്സിപോലുള്ള കുത്തകകളുമായി സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മാത്രം കൂട്ടുകൂടിക്കൊണ്ട് ആനാരോഗ്യകരമായ അനവധി പ്രവണതകളെ ഇറക്കുമതി ചെയ്യുന്ന തരത്തിലേക്ക് ഐ.എം.എ അധപതിച്ചിരിക്കുന്നു.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamter@rediffmail.com